# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6935 — 13.07.2012 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ കുഴൽ കിണറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ ; എങ്കിൽ അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | എ) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി (പെർമിറ്റ്) ആവശ്യമാണ്. അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br>I. ജലം ഏതാവശ്യത്തിന്, അല്ലെങ്കിൽ, ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് ;<br>II. ആ പ്രദേശത്തിന്റെ നിലവിലുള്ള മറ്റു ഉപഭോക്താക്കൾ ;<br>III. ആ പ്രദേശത്തെ ഭൂജലത്തിന്റെ ലഭ്യത ;<br>IV. ഭൂജലത്തിന്റെ, അതിന്റെ ഉപയോഗവുമായി ബന്ധപ്പെടുത്തിയുള്ള ഗുണ – നിലവാരം ;<br>V. അടുത്ത് സ്ഥിതിചെയ്യുന്ന കിണറുമായി നിർദ്ദിഷ്ട കിണറിനുള്ള അകലവും ആ പ്രദേശത്തുള്ള കിണറുകളുടെ എണ്ണവും, നിലവിലുള്ള കിണറുകളുമായി ഇടപെടാനുള്ള സാധ്യതയും ;<br>VI. ഭൂജല മലിനീകരണ സാധ്യത ;<br>VII. ആ പ്രദേശത്തുള്ള ഭൂജല നിരപ്പിന്റെ മറ്റേതെങ്കിലും ഘടകം. |

(....2)

| | |
|---|---|
| ബി) കഴിഞ്ഞവർഷം തൃശ്ശൂർ ജില്ലയിൽ എത്ര കുഴൽ കിണറുകൾ കുഴിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) 401 കുഴൽ കിണറുകൾ കുഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ